**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നാല്പത്തിമൂന്നാമത് മഹാത്മ അയ്യൻകാളി ജലോത്സവം വെള്ളായണി 2016, തിരുവനന്തപുരം - സംഘാടനത്തിന് ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2658/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09.09.2016

---

പരാമർശം:- 1. ശ്രീ. എം. വിൻസെന്റ് എം.എൽ.എയുടെ 16.08.2016 ലെ കത്ത്.

2. സ.ഉ. (എം.എസ്)58/2006/തസ്വഭവ തീയതി 16.02.2006.

**ഉത്തരവ്**

2016 സെപ്റ്റംബർ 13,14,15 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന നാല്പത്തിമൂന്നാമത് മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനായി സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നൽകണമെന്നതാണ് പരാമർശകത്തിലെ ആവശ്യം.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 സെപ്റ്റംബർ 13,14,15 തീയതികളിൽ നടക്കുന്ന മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനായി തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, മാറനല്ലൂർ, വെങ്ങാനൂർ, പള്ളിച്ചൽ, മലയിൻകീഴ്, വിളവൂർക്കൽ, വിളപ്പിൽ എന്നീ ഗ്രാമപഞ്ചായത്തുകൾ അവരുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയും തിരുവനന്തപുരം നഗരസഭയുടെ വിഹിതമായി പരമാവധി 1,50,000/-,(ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയും നെയ്യാറ്റിൻകര നഗരസഭ പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം) നേമം ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി പരമാവധി 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയും അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനും പരാമർശം രണ്ടിലെ ഉത്തരവിനും വിധേയമായി ജലോത്സ സംഘാടകസമിതിക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ജലോത്സവ സമിതി കൺവീനർ ആഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ഡോ. വി.കെ. ബേബി,
സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**